

# പിലിക്കോട് ഗ്രാമപഞ്ചായത്ത്

# ഊർജ്ജയാനം

## ഇന്ത്യയിലെ പ്രഥമ ഫിലമെൻറ് ബൾബ് രഹിത പഞ്ചായത്ത്

# ഒരു വിജയഗാഥ

1949ൽ രൂപീകൃതമായ പിലിക്കോട് ഗ്രാമ പഞ്ചായത്തിന് നിരന്തരമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മികവുറ്റ പഞ്ചായത്തുകളോടൊപ്പം ഇടം പിടിക്കാൻ ഇതിനകം സാധിച്ചിട്ടുണ്ട്. നാളിതുവരെ ഭരണസാരഥ്യം വഹിച്ച ഭരണകർത്താക്കൾക്ക് ജനപങ്കാളിത്തത്തോടെ ഒട്ടനവധി അനുകരണീയമായ വികസന മാതൃകകൾക്ക് രൂപം



ഇന്ത്യയിലെ ആദ്യ ഫിലമെന്റ് രഹിത പഞ്ചായത്തായി പിലിക്കോടിനെ ബഹു.കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പ്രഖ്യാപിക്കുന്നു.

നൽകാൻ കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണത്തിൻറെ രണ്ട് ദശകങ്ങൾ പിന്നിടുന്ന വേളയിൽ വികസനലക്ഷ്യങ്ങളെ പുനർവായനയ്ക്കും പുനർവ്യാഖ്യാനത്തിനും വിധേയമാക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു. ഒട്ടേറെ ശ്രദ്ധേയമായ വികസന മാതൃകകൾ ആവിഷ്കരിച്ച് നാം ഫലപ്രാപ്തിയിലെത്തിച്ചിട്ടുണ്ട്. സമ്പൂർണസാക്ഷരതായജ്ഞത്തിലൂടെ ഇവിടത്തെ ജനത യെ ആകെ അറിവിൻറേയും തിരിച്ചറിവിൻറേയും തലത്തിലേക്ക് ഉയർത്താൻ കഴിഞ്ഞത് ജനകീയ പങ്കാളിത്തത്തോടെയായിരുന്നു. “എല്ലാവീട്ടിലും ശുചിത്വമുള്ള കക്കൂസ്” ഒരു വന്യമായ ആശയമാണെന്ന് നിനച്ചിരുന്ന കാലത്ത് മുഴുവൻ വീടുകളിലും ശുചിത്വമുള്ള കക്കൂസുകൾ ജനകീയ പങ്കാളിത്തത്തോടെ ക്യാമ്പയിൻ രീതിയിൽ നിർമ്മിച്ച് നൽകിക്കൊണ്ട് ഇന്ത്യയിലെ ആദ്യത്തെ "നിർമ്മൽ" പുരസ്കാരം ലഭിച്ച പഞ്ചായത്തായി മാറാൻ കഴിഞ്ഞു. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട "അഴിമതി രഹിത പഞ്ചായത്ത്" എന്ന ഖ്യാതിയും നമ്മുടെ മികവിൻറെ ഭാഗമാണ്. ഹരിതം പിലിക്കോട് സമഗ്ര ജൈവപച്ചക്കറി കൃഷി, പൈതൃകം നാട്ടുമാവ് പദ്ധതി, ജനമിത്ര സേവന കേന്ദ്രങ്ങൾ, പൈതൃകം നെൽവിത്ത് ഗ്രാമം എന്നിവയും പിലിക്കോടിന്റേത് മാത്രമായ പ്രത്യേക ജനകീയ പദ്ധതികളാണ്.



മനുഷ്യ പുരോഗതിയുടെ വേഗതയെ നിർണയിക്കുന്നതിൽ സുപ്രധാനമായ സ്ഥാനമാണ് ഊർജത്തിനുള്ളത്. ലോകം മുഴുവൻ ഇന്ന് ഗൗരവമായി ചർച്ചചെയ്യുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ കാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ് ഊർജവുമായി ബന്ധപ്പെട്ട പ്രകൃതി വിഭവങ്ങളുടെ അശാസ്ത്രീയമായ വിനിയോഗം. സമകാലിക ലോകം നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനം ഊർജസംബന്ധിയാണ്. ഒരു രാഷ്ട്രത്തിൻറെ പുരോഗതിയും ആളോഹരി ഊർജഉപഭോഗവും പരസ്പരം ബന്ധപ്പെട്ടിട്ടാണ് പലപ്പോഴും വിശദീകരിക്കുന്നത്.

കേരളത്തിനാവശ്യമായ വൈദ്യുതിയുടെ 30% മാത്രമേ നമുക്കിവിടെ ഉല്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. ഉല്പാദിപ്പിക്കുന്നതിൻറെ നല്ലൊരു ഭാഗം പ്രസരണ ചോർച്ചയിലൂടേയും ഊർജ ക്ഷമത കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടേയും പാഴായി പോകുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഉയർന്നവിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് നമ്മുടെ സംസ്ഥാനം ആവശ്യം നിറവേറ്റുന്നത്. ജനസംഖ്യാ വർദ്ധനവും, പാർപ്പിടങ്ങളുടെ എണ്ണത്തിലുണ്ടായ പെരുപ്പവും വലുപ്പത്തിലും പുതുമയിലും വന്ന മാറ്റവും ഉപകരണങ്ങളുടെ വൈവിധ്യത്തിലും വൈപുല്യത്തിലും വന്ന വർദ്ധനവും ഊർജ ഉപഭോഗത്തിൽ വൻ വർദ്ധനവ് ഉണ്ടാക്കിയിട്ടിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഫലമായുണ്ടായ നവീന ഉപഭോഗ വസ്തുക്കൾ പുതിയൊരു ഉപഭോക്തൃ സംസ്കാരത്തിനു തന്നെ കാരണമായി. ഇതാകട്ടെ നിലവിലുള്ള ഊർജ പ്രതിസന്ധിയെ കൂടുതൽ സങ്കീർണമാക്കി. പ്രകൃതി വിഭവങ്ങളുടെ മേലുള്ള സമ്മർദത്തിൻറെ ശക്തി വർദ്ധിച്ചു. ഇനി വരുന്ന തലമുറയുടെ ജീവിതത്തെ തന്നെ ചോദ്യം ചെയ്യുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിലേക്ക് എത്തിച്ചു. ഇതിനെ ചെറുക്കാൻ പ്രാദേശികമായി എന്തുചെയ്യാം എന്ന അന്വേഷണമാണ് പിലിക്കോടിനെ "ഊർജയാനം" പരിപാടിയിലേക്ക് നയിച്ചത്.

**<u>ഊർജ്ജയാനം ലക്ഷ്യങ്ങൾ</u>**

- പിലിക്കോട് ഗ്രാമപഞ്ചായത്തിലെ ജനതയുടെ വൈദ്യുതി ഉപഭോഗവും വൈദ്യുതി സംരക്ഷണവും വ്യക്തിനിഷ്ഠമായ തലത്തിൽ നിന്നും സാമൂഹ്യതലത്തിലേക്ക് പരിവർത്തനം ചെയ്യുക.
- സാങ്കേതിക അറിവുകളെ പ്രദേശത്തെ ജനതയുടെ തിരിച്ചറിവുകളാക്കിമാറ്റി , ശീലവ്യതിയാനത്തിലൂടെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളാക്കി മാറ്റുക.
- ഊർജ്ജ ധൂർത്തിൽ നിന്നും ഊർജ്ജമിതവ്യയത്തിലേക്ക് തദ്ദേശീയരുടെ ജനാവബോധം വളർത്തുക.
- പഞ്ചായത്തിലെ ജനതയുടെ വൈദ്യുത ഉപഭോഗത്തിലെ പൊതു സ്വഭാവം ജനകീയ പങ്കാളിത്തത്തോടെ പഠനവിധേയമാക്കുക.
- ഊർജ്ജസംരക്ഷണത്തിന് ബഹുജന പങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണം.



- 2018 ജനവരി 25ഓടുകൂടി പിലിക്കോട് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ഇൻകാൻറിസൻറ് ബൾബ് രഹിത പഞ്ചായത്തായി മാറ്റുക.

- 2018ൽ പൊതുസ്ഥാപനങ്ങളിലെ വിളക്കുകളും തെരുവുവിളക്കുകളും സമ്പൂർണ്ണമായി എൽ.ഇ.ഡി സംവിധാനത്തിലേക്ക് മാറ്റുക.

- ഘട്ടം ഘട്ടമായി സൗര വൈദ്യുതിയുടെ വ്യാപനം.

- പരിസ്ഥിതി സംരക്ഷണത്തിലധിഷ്ഠിതമായ ഊർജ്ജസംരക്ഷണം

- വിഭവങ്ങളുടെ മിതവ്യയത്തിലൂടെ ഊർജ്ജസംരക്ഷണം.

ഇരുപത് വർഷം മുമ്പ് 1996 ൽ സമ്പൂർണശുചിത്വ പരിപാടി ഏറ്റെടുത്ത് നടത്തി ഇന്ത്യയിലെ ആദ്യ ശുചിത്വപഞ്ചായത്തായി മാറിയ അനുഭവ പാരമ്പര്യവും ഏതിനും സജ്ജമായ ഒരു കൂട്ടം പ്രവർത്തകരുടെ സാന്നിധ്യവും കൈമുതലായുണ്ടെന്ന ആത്മവിശ്വാസമാണ് ഊർജയാനം ഏറ്റെടുക്കാൻ പ്രചോദനം നൽകിയ ഘടകം. സമ്പൂർണ ശുചിത്വ പരിപാടിയെന്ന പോലെ ജനകീയ ബോധവത്കരണം ഇവിടേയും അത്യാവശ്യമാണ്. പഞ്ചായത്തിലെ കുടുംബങ്ങളുടെ നിലവിലുള്ള വൈദ്യുതി ഉപഭോഗം, വൈദ്യുതി ഉപയോഗത്തിലെ ശീലങ്ങൾ, ഉപകരണങ്ങളുടെ കാര്യക്ഷമത, ഊർജം ലാഭകരമായി ഉപയോഗിക്കുന്നതിനെ കുറിച്ചുള്ള കാഴ്ചപ്പാട് തുടങ്ങിയവ സംബന്ധിച്ച വസ്തുനിഷ്ഠവും സമഗ്രവുമായ വിവരങ്ങൾ ശേഖരിച്ചും അപഗ്രഥിച്ചും മാത്രമേ ഈ മേഖലയുമായുള്ള ഏതൊരു പ്രവർത്തനവും മുന്നോട്ടു കൊണ്ടുപോകാനാവൂ. ഈ കാഴ്ചപ്പാടോടു കൂടി തന്നെയാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഇ.എം.സി-കേരള ഘടകവുമായി ബന്ധപ്പെടാനും ഈ പ്രവർത്തനത്തിന് ദിശാബോധം നേടിയെടുക്കാനും ശ്രമിച്ചത്. ഇ.എം.സി-കേരളയുടെ ഡയരക്ടറായ ശ്രീ.ധരേശൻ ഉണ്ണിത്താൻ ഭരണ സമിതിയുടെ അഭ്യർത്ഥന പ്രകാരം 29/11/2016 ന് പിലിക്കോട് ഗ്രാമ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വിളിച്ച ചേർത്ത യോഗത്തിൽ പങ്കെടുക്കുകയും പ്രസ്തുത വിഷയത്തിൻറെ പ്രസക്തി വ്യക്തമാക്കുകയും ചെയ്തു. പഞ്ചായത്ത് പ്രസിഡൻറ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഭരണ സമിതി അംഗങ്ങൾ, രാഷ്ട്രീയ പാർട്ടി പ്രമുഖർ, സാംസ്കാരിക പ്രവർത്തകർ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു. പിലിക്കോട് പഞ്ചായത്തിനെ ഊർജദക്ഷത പഞ്ചായത്താക്കി മാറ്റാനും അതിനായി വിപുലമായ ജനകീയ പരിപാടി രൂപപ്പെടുത്താനും പ്രസ്തുത യോഗം തീരുമാനിച്ചു. ഈ പദ്ധതിക്കാവശ്യമായ അക്കാദമികവും സാങ്കേതികവുമായ വൈദഗ്ധ്യം ഇ.എം.സിയോട് അഭ്യർത്ഥിക്കുകയും ചെയ്തു.

ഈ അഭ്യർത്ഥന ഇ.എം.സി അംഗീകരിക്കുകയും ഒന്നാം ഘട്ടമെന്ന നിലയിൽ ഊർജ സംരക്ഷണത്തിൻറെ വിവിധ സങ്കേതങ്ങൾ പിലിക്കോട് പഞ്ചായത്തിലെ സാമൂഹിക പ്രവർത്തരും സാങ്കേതികമായി മേൽനോട്ടം വഹിക്കാൻ കഴിയുന്ന വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങുന്ന അമ്പത് പേർക്ക് തിരുവനന്തപുരം



ഇ.എം.സിയിൽ വെച്ച് ക്ലാസ്സ് നൽകാൻ തീരുമാനിച്ചു. തീരുമാനങ്ങളെടുക്കാനും നടപ്പിലാക്കാനും താല്പര്യവും അനുഭവവും സാങ്കേതിക മികവും എല്ലാം ഉൾക്കൊള്ളുന്ന ഒരു ടീമിന് ലഭിച്ച ഈ ക്ലാസ്സ് തന്നെയാണ് ഊർജയാന ത്തിൻറെ ആവേശമായി മാറിയത്. ഇ.എം.സി യിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും അതിൻറെ നേട്ടങ്ങളും നേരിട്ട് ബോധ്യപ്പെടും വിധം ആയിരുന്നു ഡിസംബർ 19,20 തീയ്യതികളിൽ നടന്ന ദ്വിദിന പരിശീലനം. 50 പേർക്കുള്ള റിസോഴ്സ് പേഴ്സൺ ട്രെയിനിംഗിൽ 50 പേരും ആദ്യാവസാനം പങ്കെടുക്കുകയും ചർച്ചകളിലും ക്ലാസ്സുകളിലും സജീവമായി ഇടപെടുകയും ചെയ്തു. ഇ.എം.സി ഫാക്കൽറ്റി നല്ല തയ്യാറെടുപ്പോടു കൂടി തന്നെയാണ് ക്ലാസ്സുകളും മറ്റു സംവിധാനങ്ങളും ഒരുക്കിയത്. പങ്കെടുത്തവർക്ക് ഊർജസംരക്ഷണ പ്രവർത്തനങ്ങളുടെ സാധ്യതയും ആവശ്യകതയും ബോധ്യപ്പെട്ട പരിശീലനമായി ഇത് മാറി.

## ആസൂത്രണവും നടത്തിപ്പും

ചിട്ടയായ ആസൂത്രണവും തയ്യാറെടുപ്പുമാണ് ഇത്തരം ഒരു ക്യാമ്പയിൻ പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് ആധാരം. ഇതിനായി രൂപപ്പെടുത്തിയ കോർ കമ്മിറ്റി നിരന്തരമായി യോഗം ചേർന്ന് പരിപാടികൾ സമയബന്ധിതമായി ആസൂത്രണം ചെയ്യുകയും ഭരണസമിതി അതത് ഘട്ടങ്ങളിൽ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. താഴെ പറയുന്ന തീരുമാനങ്ങളാണ് മുഖ്യമായും കൈക്കൊണ്ടത്.

1. വിപുലമായ ജനബോധന പരിപാടി നടത്തുക.

2. ഊർജഉപഭോഗം സംബന്ധിച്ചും വീടുകളിൽ ഉപയോഗിക്കുന്ന വൈദ്യുതി ഉപകരണങ്ങളെ സംബന്ധിച്ചും മറ്റ് ഊർജ ഉപാധികളെ സംബന്ധിച്ചും വിശദമായ സർവേ ഓരോ വീട് അടിസ്ഥാനത്തിലും നടത്തുക.

3. വ്യാപകമായ പ്രചരണപരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കുക.






സമഗ്രമായ ജനബോധത്തിലൂന്നിയ പ്രവർത്തനങ്ങൾ മാത്രമേ ശാശ്വത ഗുണം ചെയ്യൂ എന്ന തിരിച്ചറിവിൽ നിന്നാണ് റിസോഴ്സ് ഗ്രൂപ്പിനെ വിപുലീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന പ്രവർത്തനത്തിന് ആക്കം ലഭിച്ചത്. ഊർജ്ജയാനത്തിന്റെ സംഘടന പശ്ചാത്തലം ശക്തമാക്കാൻ നടത്തിയ പ്രധാന പ്രവർത്തനങ്ങളെ ഇങ്ങനെ ചുരുക്കാം.

- സാമൂഹിക പ്രവർത്തകരേയും സാങ്കേതിക വിദഗ്ദരേയും ഉൾപ്പെടുത്തി നടത്തിയ റിസോഴ്സ് ടീം വിപുലീകരണം ഇ.എം.സി യിൽ നിന്ന് പരിശീലനം ലഭിച്ച 50 പേർക്ക് പുറമേ 50 പേർക്ക് കൂടി അധിക പരിശീലനം നൽകി.
- പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ രൂപീകരിച്ച കോർ ടീം
- വാർഡ് തല ഊർജ്ജയാന സമിതികൾ രൂപീകരണം.
- രാഷ്ട്രീയ പാർട്ടികൾ,സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രതിനിധികൾക്കായുള്ള പ്രത്യേക യോഗങ്ങൾ.
- അയൽസഭാ തലത്തിൽ വ്യാപകമായ ഊർജ്ജ സദസ്സുകൾ,ക്ലാസ്സുകൾ,പ്രചരണങ്ങൾ,വാർട്സ് അപ് കൂട്ടായ്മ (പഞ്ചായത്ത് തലം) ,ഗ്രാമസഭകൾ,ഗൃഹ സന്ദർശന പരിപാടി, വൈദ്യുതോപകരണങ്ങളുടെ ക്ഷമത കുറവ്,ശീലങ്ങളിലൂടെ ചോരുന്ന വൈദ്യുതി എന്നിവയെ കുറിച്ചുള്ള സായാഹ്ന ചർച്ചകൾ.
- മീറ്റർ റീഡിംഗ് നടത്തുന്നതിനുള്ള പ്രായോഗിക പരിശീലന കളരി.

**<u>ജനകീയ സർവ്വെ</u>**

പഞ്ചായത്തിലെ ജനതയുടെ നിലവിലുള്ള വൈദ്യുതി ഉപയോഗത്തിന്റെ നിജ സ്ഥിതി വസ്തുനിഷ്ഠമായി പഠിക്കുകയും പോരായ്മകൾ കണ്ടെത്തുകയും ചെയ്തത് ജനകീയ സർവ്വെ പരിപാടിയിലൂടെയാണ്. വിപുലമായ ഒരുക്കങ്ങളാണ് ഇതിന് വേണ്ടി നടത്തിയത്. അവ താഴെ പറയുന്നവയാണ്.

അയൽസഭാ യോഗങ്ങൾ

- ➢ സർവ്വെ ടീം രൂപീകരണം-അയൽസഭാതലത്തിൽ
- ➢ സർവ്വെ ടീം അംഗങ്ങൾക്കായുള്ള (400 പേർക്ക്) പരിശീലനം
- ➢ സർവ്വെ ഫോറം (ഡമ്മി) തയ്യാറാക്കൽ
- ➢ സാമ്പിൾ സർവ്വെ
- ➢ ഡമ്മി ഫോറം പൂരിപ്പിച്ചുകൊണ്ടുള്ള വിവര ശേഖരണം

**<u>ജനകീയ സർവെ പരിശീലനവും ഊർജ സെമിനാറും:-</u>**

13/01/2017 ന് കരക്കകാവ് ഓഡിറ്റോറിയത്തിൽ നടന്ന ജനകീയ സർവെ പരിശീലനത്തിൽ അയൽസഭകളെയും മറ്റും പ്രതിനിധികരിച്ച് തെരെ ഞ്ഞെടുക്കപ്പെട്ട 351 പേർപങ്കെടുത്തു. പരിശീലനം/ സെമിനാർ കെ.എസ്.ഇ.ബി ഡയരക്ടർ ഡോ:വി.ശിവദാസൻ ഉദ്ഘാടനം ചെയ്തു.







ജനകീയ സർവെ പരിശീലനവും ഊർജ സെമിനാറും കെ.എസ്.ഇ.ബി ഡയരക്ടർ ഡോ:വി.ശിവദാസൻ ഉദ്ഘാടനം ചെയ്യുന്നു.

കേരളത്തിലെ നിലവിലുള്ള അവസ്ഥയിൽ സംസ്ഥാനത്തിൻറെ ഊർജാവശ്യവും ഊർജോൽ പ്പാദനവും പൊരുത്തപ്പെട്ടു പോകുന്നില്ലയെന്നും ഇതു വലിയ ഊർജപ്രതിസന്ധിയിലേക്ക് നയിക്കു മെന്നും ആയതിനാൽ ഊർജസംരക്ഷണത്തിനായി വൈവിധ്യമാർന്ന അന്വേഷണങ്ങൾ അനിവാര്യമാണെന്നും ഡോ:വി.ശിവദാസൻ ഉദ്ഘാടന ഭാഷണത്തിൽ ചൂണ്ടികാട്ടി. പിലിക്കോട് ഗ്രാമപഞ്ചായത്തിൻറെ നേതൃത്വത്തിൽ നടക്കുന്ന ഈ അന്വേഷണത്തിൻറെ അനുഭവങ്ങൾ കേരളീയ സമൂഹത്തിന് അനുകരിക്കാൻ പറ്റിയ ഒന്നായി തീരുമെന്നും അദ്ദേഹം പറഞ്ഞു.

ഇ.എം.സി ഡയരക്ടർ ശ്രീ.ധരേശൻ ഉണ്ണിത്താൻ സാങ്കേതിക കാര്യങ്ങളെ കുറിച്ച് പൊതുഅവതരണം നടത്തി. ശ്രീ.ടി.വി.ഗോവിന്ദൻ (മുൻ പ്രസിഡൻറ്, പിലിക്കോട് ഗ്രാമ പഞ്ചായത്ത്) ഊർജയാനം എംബ്ലം പ്രകാശനം ചെയ്തു.

ആകെ പങ്കാളികളെ 2 ഗ്രൂപ്പായി തിരിച്ചുകൊണ്ട് പൊതുപരിശീലനം നൽകി. ഇ.എം.സിയിൽ നിന്നും വന്ന വിദഗ്ധരാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത്. ഇ.എം.സി. ഫാക്കൽട്ടികളായ ശ്രീ. ജോൺസൺ ഡാനിയേൽ എനർജി ടെക്നോളജിസ്റ്റും ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്ന് റിട്ടയർ ചെയ്ത ശ്രീ. രാജഗോപാലാചാരി എനർജി കൺസൾട്ടൻറും ആണ് ഇ.എം.സി ഡയറക്ടറെ കൂടാതെ പരിശീലന പരിപാടിക്ക് അക്കാദമിക് നേതൃത്വം നൽകിയത്. ക്ലാസ്സുകളെ തുടർന്ന് പങ്കാളികൾ ചെറുഗ്രൂപ്പുകളായി മാറി സർവേഫോറം ഉപയോഗിച്ച് നേരിട്ട് വീടുകൾ സന്ദർശിച്ച് സർവേ നടത്തി. സർവേയുടെ സാങ്കേതികമായ സവിശേഷതകളും സങ്കീർണതകളും സർവേ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട തന്ത്രങ്ങളും അനുഭവത്തിൻറെ അടിസ്ഥാനത്തിൽ ബോധ്യപ്പെടാൻ വീട് സന്ദർശിച്ചിട്ടുള്ള ഈ അനുഭവം സഹായകമായി. ഒട്ടെറെ സംശയങ്ങൾ ഈ പൈലറ്റ് സർവെയുടെ ഭാഗമായി ഉയർന്നുവന്നു. സർവെയുടെ ക്രോഡീകരണവും സംശയങ്ങളുടെ ചിട്ടപ്പെടുത്തലകളും ഗ്രൂപ്പടി സ്ഥാനത്തിൽ നടത്തി. ഈ സംശയങ്ങൾ പിന്നീട് ചേർന്ന യോഗത്തിൽ ഉന്നയിച്ച് ദൂരീകരിച്ചു.

ജനുവരി 26 ന് നടത്തേണ്ട വിപുലമായ സർവെയ്ക്ക് ആവശ്യമായ സ്വയം സജ്ജമാകൽ അനിവാര്യമാണെന്നും അത് എങ്ങനെ ആകണമെന്നതും ഉൾകൊള്ളാൻ ഈ പരിശീലനം സഹായകമായി. കൂടാതെ പൈലറ്റ് സർവേ മറ്റുചിലസാധ്യതകളും ആവശ്യങ്ങളും ഉയർത്തികൊണ്ടുവന്നു. സാങ്കേതികാംശങ്ങൾ ഏറെയുള്ള ഈ സർവേ സമയബന്ധിതമായി പൂർത്തിയാകണമെങ്കിൽ സർവേ ഫോറത്തിൻറെ ഒരു കോപ്പി മറ്റൊരു നിറത്തിൽ അച്ചടിച്ച് വീടുകളിൽ എത്തിക്കാനും വീട്ടുക്കാർക്ക് കഴിയുന്നിടത്തോളം കാര്യങ്ങൾ മുൻകൂട്ടി പൂരിപ്പിച്ച് വെയ്ക്കാനുള്ള സംവിധാനം ഒരുക്കുകയും ചെയ്യണമെന്ന ഗ്രൂപ്പുകളുടെ



നിർദ്ദേശം അംഗീകരിക്കപ്പെട്ടു. കൂടതെ സാങ്കേതികത്വം ഏറെയുള്ള സർവേ ആയതിനാൽ ഒരു ദിവസം എന്നത് രണ്ട് ദിവസമാക്കാനും ജനുവരി 26ന് സർവേ പൂർണമാക്കാമെന്നുമുള്ള നിർദേശമാണ് പരിശീലനത്തിൻറെ ഭാഗമായി ഉയർന്ന് വന്നത്.

ഓരോ വാർഡിലും ലഭ്യമായ പ്രമുഖ വ്യക്തികളെകൊണ്ടാണ് സർവ്വെ ഉൽഘാടനം ചെയ്തത്. ആകെയുള്ള 16 വാർഡുകൾക്ക് പുറമെ പഞ്ചായത്ത് തലത്തിലും സർവ്വെ ഉൽഘാടന ചടങ്ങ് നടന്നു. പഞ്ചായത്ത് തല സർവ്വെ ഉൽഘാടനം മുൻ എം.എൽ.എ ശ്രീ.കെ.കുഞ്ഞിരാമന്റെ വീട്ടിൽ വെച്ച് മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ടി.വി.ഗോവിന്ദൻ നിർവ്വഹിച്ചു. പൂർത്തിയാക്കിയ ഡമ്മി സർവ്വെ ഫോറങ്ങൾ സൂക്ഷ്മ പരിശോധനക്ക് ശേഷം വാർഡ് തലത്തിൽ സൂക്ഷിക്കുകയും ഒറിജിനൽ ഫോറങ്ങൾ ഇ.എം.സി ക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

## സർവ്വെ മുന്നൊരുക്കങ്ങൾ

വിപുലമായ മുന്നൊരുക്കങ്ങളാണ് ജനുവരി 26 ന്റെ ജനകീയ സർവെയ്ക്ക് വേണ്ടി നടന്നത്. 20/01/2017 മുതൽ 23/01/2017 വരെയുള്ള ദിവസങ്ങൾ സർവെക്കായുള്ള മുന്നൊരുക്കത്തിൻറെ ഭാഗമായി സമിതി അംഗങ്ങൾ കൂട്ടായി വീടുകൾ കയറി ഡമ്മി ഫോറം നൽകുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സർവെ ഫോറം പൂരിപ്പിക്കുന്ന വിധവും അവർക്ക് വിശദമാക്കി കൊടുത്തു. 25/01/2017ന് തന്നെ എല്ലാ വാർഡുകളിലും സർവേ ആരംഭിച്ചു. 25/01/2017 ന് പഞ്ചായത്ത് തല ഊർജസമിതി യോഗം ചേരുകയും സർവെ പരിപാടികൾ വിലയിരുത്തുകയും ചെയ്തു.

## വിപുലമായ വിവരശേഖരണം

ശരാശരി 5 പേരടങ്ങിയ 125 ടീമുകൾ 25/01/2017, 26/01/2017 എന്നീ രണ്ട് ദിവസങ്ങളിലായി സർവേ പ്രവർത്തനം നടത്തി. വീടിനകത്തെ വിവിധ വൈദ്യുതോപകരണങ്ങൾ, അവയുടെ ഉപയോഗക്രമം, ദുരുപയോഗത്തിൻറെ വഴികൾ, വയറിംഗിലെ അപാകതകൾ ഇവയൊക്കെ സർവേ ടീം വിലയിരുത്തി. വീട്ടുടമയുമായി ആശയവിനിമയം നടത്തി. പാചകാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്ന പ്രവണതയും ചിലയിടങ്ങളിൽ കാണാൻ കഴിഞ്ഞു. ചൂടാറാപ്പെട്ടിയുടെ പ്രാധാന്യം 90% കുടുംബങ്ങൾക്കും അറിയില്ലായിരുന്നു.



വിവരശേഖരണം പഞ്ചായത്ത് തല ഉദ്ഘാടനം മുൻ എം.എൽ.എ ശ്രീ കെ കുഞ്ഞിരാമൻ എന്നവരിൽ നിന്ന് വിവരം ശേഖരിച്ച് നിർവ്വഹിക്കുന്നു.



പിലിക്കോട് കാർഷിക ഗവേണഷകേന്ദ്രം മുതൽ കാലിക്കടവ് പഞ്ചായത്ത് അതിർത്തി വരെയുള്ള വ്യാപാര സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ സർവേ നടത്തിയത് പിലിക്കോട് ഗവ. ഹയർസെക്കൻററി സ്കൂളിലെ എൻ.എസ്.എസ് വളണ്ടിയർമാരാണ്. കൂടാതെ പൊതു സ്ഥാപനങ്ങളിലെ സർവേയും ഇവർ തന്നെ നടത്തുകയുണ്ടായി. ഇവർക്ക് ഇതിനായി പ്രത്യേക പരിശീലനം നൽകി. വ്യാപാര സ്ഥാപനങ്ങളിൽ കുട്ടികൾ സംഘമായാണ് സർവേ നടത്തിയത്. രണ്ടു ദിവസങ്ങളിലായി സർവെ പ്രവർത്തനം പൂർത്തിയാക്കി.

സർവേ പ്രവർത്തനം ഒരു വിവരശേഖരണ പ്രവർത്തനത്തിനപ്പുറം ഊർജസംരക്ഷണത്തിനായുള്ള ഒരു ബഹുജന വിദ്യാഭ്യാസ പരിപാടിയായി മാറി. വൈദ്യുതോർജം ലാഭിക്കാനുള്ള വ്യത്യസ്ത മാർഗങ്ങളെ കുറിച്ചും ഇതിൻറെ ദുരുപയോഗം എങ്ങനെയെല്ലാം ഉണ്ടാകുന്നു എന്നതിനെ കുറിച്ചും ആശയ കൈമാറ്റം ഈ സർവേയുടെ ഭാഗമായി ഉണ്ടായി. ഫിലമെൻറ് ബൾബുകൾ വൈദ്യുത ബില്ല് എത്രമാത്രം വർദ്ധിപ്പിക്കുമെന്ന് ഉപഭോക്താക്കളെ പറഞ്ഞ് ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ജനുവരി 26നു തന്നെ കൂടി സർവേ പ്രവർത്തനം പൂർണമാക്കാൻ കഴിഞ്ഞു എന്നത് വലിയ വിജയമായി.

**<u>ജനകീയ സർവ്വേയുടെ മറ്റ് സവിശേഷതകൾ</u>**

1. സാമൂഹ്യ പ്രവർത്തകരോടൊപ്പം സാങ്കേതിക വൈദഗ്ധ്യം ഉള്ളവരും വളണ്ടിയർമാരായി താല്പര്യപൂർവം മുന്നോട്ട് വന്നു.

2. സർവേ നടത്തുന്നവരോടൊപ്പം വീട്ടുകാർക്കും ഇത് പുതുമയുള്ള ഒരു അനുഭവമായിരുന്നു.

3. വൈദ്യുതി ഉപഭോഗം കുറക്കാനുള്ള മാർഗങ്ങൾ അറിയാനുള്ള താല്പര്യം വീട്ടുകാരും കടയുടമകളും കാട്ടുകയുണ്ടായി. ഊർജ ഉപഭോഗത്തിലെ അശാസ്ത്രീ യതകളും, പോരായ്മകളും ഊർജത്തിൻറെ പാഴ്ചെലവിൻറെ കാരണങ്ങളും സർവേ പ്രവർത്തകരോട് ചോദിച്ചറിയാൻ വീട്ടുകാർ വലിയ താല്പര്യമാണ് പ്രകടിപ്പിച്ചത്. പ്രഥമദൃഷ്ട്യാ കാണുന്ന പോരായ്മകളും പരിഹാര നിർദേശങ്ങളും സർവേ സംഘത്തിലുണ്ടായിരുന്ന സാങ്കേതിക വിദഗ്ധർ വിശദീകരിച്ചു.

4. ഡമ്മിഫോറം മുൻകൂട്ടി വിതരണം ചെയ്ത് വീട്ടുകാരോട് തയ്യാറാക്കി വെക്കാൻ പറഞ്ഞത് വീട്ടുകാരെ സംബന്ധിച്ചിടത്തോളം വലിയൊരനുഭവമായിരുന്നു. വൈദ്യുത സാങ്കേതിക വിവരങ്ങൾ സ്വയം മനസിലാക്കാൻ ഇത് പൂരിപ്പിക്കാൻ ശ്രമിച്ചവർക്ക് സ്വയം പഠനത്തിനുള്ള സാധ്യത നൽകി. ഇത് വലിയൊരു നേട്ടമായാണ് ഉപഭോക്താക്കൾ സൂചിപ്പിച്ചത്.

5. ഉപകരണങ്ങൾ വാങ്ങുമ്പോൾ കേവലം വില മാത്രമല്ല പരിഗണിക്കേണ്ടത് എന്നും ഉപകരണത്തിൻറെ ഗുണവും വൈദ്യുത ദക്ഷതയും ആകണം എന്ന ഒരു ധാരണ സമൂഹത്തിന് ഉണ്ടാക്കാൻ ഈ സർവേ പ്രവർത്തനം സഹായകമായി.

6. ഫിലമെൻറ് ബൾബുകളും സീറോ ബൾബുകളും വൻതോതിൽ വൈദ്യുതി ആവശ്യമുള്ളതാണെന്നും ആയതിനാൽ അവയെ മാറ്റി വൈദ്യുതി ഉപഭോഗം കുറക്കണമെന്നും ഉള്ള ആശയം സാർവത്രികമാക്കാൻ ഈ സർവേ പ്രവർത്തനം



സഹായകമായി. ഫിലമെൻറ് ബൾബ് സ്വയമേവ ഉപേക്ഷിക്കാൻ പല ഉപഭോക്താക്കളും സർവേയുടെ ഭാഗമായി തയ്യാറായിട്ടുണ്ട്.

7. വൈദ്യുതി ദക്ഷത കൂടിയ എൽ.ഇ.ഡി.ബൾബ്/ട്യൂബ് ഉപയോഗിക്കുന്നതാണ് നല്ലത് എന്ന ആശയവും പ്രചരിപ്പിക്കാൻ സർവേ സഹായകമായി.

**<u>സർവെ ക്രോഡീകരണം</u>**

സർവേക്ക് ശേഷമുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം സർവെ ക്രോഡീകരണം ആണ്.

1. 26ന് പൂർത്തിയാക്കാൻ കഴിയാഞ്ഞ അപൂർവം വീടുകളുടെ ബാക്കി വന്ന സർവേ ജനുവരി 29നകം പൂർത്തിയാക്കി ഊർജയാനം അയൽസഭാ സമിതിയുടെ നേതൃത്വത്തിൽ അയൽക്കൂട്ടതല ക്രോഡീകരണം 29/01/2017ന് പൂർത്തിയാക്കി.

2. അയൽസഭകളിൽ നിന്നും ശേഖരിച്ച ഫോറങ്ങൾ കൃത്യമായി പരിശോധിച്ച് 04/02/2017, 05/02/2017 ദിവസങ്ങളിലായി വാർഡ് തലത്തിൽ ക്രോഡീകരിച്ചു. 16 വാർഡുകളിലും ഈ പ്രവർത്തനം നടന്നു. രണ്ട് ദിവസമായി നടന്ന ഈ പ്രവർത്തനത്തിൽ എല്ലാ വാർഡുകളിലുമായി 200 പേർ പങ്കെടുത്തു.

3. 06/02/2017 പഞ്ചായത്ത് തല ഊർജയാനം കോർ കമ്മിറ്റി യോഗം ചേരുകയുണ്ടായി.

- ഈ യോഗത്തിൽ ഊർജസർവേയെ കുറിച്ചും ക്രോഡീകരണത്തെ കുറിച്ചും നടന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.
- പഞ്ചായത്ത് തലത്തിൽ ക്രോഡീകരണം സംബന്ധിച്ച് വിശദമായ ആസൂത്രണം നടത്തി.
- ക്രോഡീകരണത്തിനായി കൃത്യമായ ഫോർമാറ്റ് തയ്യാറാക്കി. 500 കോപ്പി അച്ചടിച്ചു.
- സ്ഥാപന സർവേ സംബന്ധിച്ച് കൃത്യമായ ആസൂത്രണം നടത്തി.
- 18/02/2017ന് പഞ്ചായത്ത് തല ക്രോഡീകരണം നടത്താൻ തീരുമാനിച്ചു. ഉച്ചക്ക് 2മണിക്ക് ഫ്രണ്ടസ് കരക്കേരുവിൽ ചേരുന്ന ശില്പശാലയിൽ വാർഡിൽ നിന്ന് 3 പേരെ വീതം പങ്കെടുപ്പിക്കാൻ ധാരണയായി.

4. 18/02/2017ന് ഫ്രണ്ട്സ് കരക്കേരുവിൽ വെച്ച് പഞ്ചായത്ത് തല ക്രോഡീകരണം ആരംഭിച്ചു. 48പേർ വിവിധ വാർഡുകളിൽ നിന്നായി എത്തി. വാർഡ് അടിസ്ഥാനത്തിൽ ഗ്രൂപ്പായി ഇരുന്നാണ് ക്രോഡീകരണം നടത്തിയത്. ക്രോഡീകരണത്തിനായി തയ്യാറാക്കിയ അച്ചടിച്ച ഫോറം ഉപയോഗിച്ചു. അന്നേ ദിവസം കൊണ്ട് ക്രോഡീകരണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

5. 19/02/2017, 20/02/2017 തീയ്യതികളിൽ ക്രോഡീകരണപ്രവർത്തനം തുടർന്നു പൂർത്തിയാക്കി.



6. 05/03/2017ന് കോർ കമ്മിറ്റി യോഗം ചേരുകയും ജനകീയ സർവേയെ കുറിച്ചും ക്രോഡീകരണത്തെ കുറിച്ചും അവലോകനം നടത്തി. താഴെ പറയുന്ന പ്രവണതയാണ് ക്രോഡീകരണത്തിൻറെ ഭാഗമായി ലഭിച്ചത്.

1. ആകെ വാർഡുകൾ - 16
2. ആകെ വീടുകൾ - 6313
3. സർവേ നടന്നത് - 6116
4. കടകൾ - 285
5. പമ്പ് ഹൗസ് - 166
6. വൈദ്യുതി ഇല്ലാത്ത വീടുകൾ - 4
7. ഫിലമെൻറ് ബൾബുകൾ - 7211
8. ട്യൂബുകൾ - 26843
9. ചൂടാറാപ്പെട്ടി - 264
10. ബയോഗ്യാസ് - 70
11. സർവേയിൽ പങ്കെടുത്ത ആളുകൾ - 600

പൊതു സ്ഥാപനങ്ങൾ

1. ആകെ പൊതുസ്ഥാപനങ്ങൾ : 75
2. സർവെ ചെയ്യപ്പെട്ടത് : 75
3. ആകെ ഫിലമെൻറ് ബൾബുകളുടെ എണ്ണം : 49
4. സി.എഫ്.എൽ ബൾബുകൾ : 229

7. ഊർജ്ജ സർവേയുടെ ഭാഗമായി വന്ന സന്നദ്ധ സംഘത്തെ ജലസുരക്ഷയ്ക്കായി പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു. ഇതിൻറെ ഭാഗമായി 11/03/2017ന് പട്ടുവളം എസ്.ജി.എസ്.വൈ യിൽ വെച്ച് ഡോ.പെദ്രെ യുടെ നേതൃത്വത്തിൽ ജലസുരക്ഷ ക്ലാസ് നടന്നു.

**ഊർജ്ജ ഗ്രാമസഭകൾ-ഊർജ്ജ സദസ്സുകൾ**

| | | | |
|---|---|---|---|
| ഊർജ്ജ അയൽ സഭ | I-ാം ഘട്ടം | - | 119 |
| " | II ാം ഘട്ടം | - | 119 |
| ഊർജ്ജ ഗ്രാമസഭ | I-ാം ഘട്ടം | - | 16 |
| " | II ാം ഘട്ടം | - | 16 |
| ആകെ | | | 270 എണ്ണം |

<u>ശരാശരി പങ്കാളിത്തം</u>

ഊർജ്ജ സദസ്സുകൾ 25-73
ഗ്രാമസഭ സദസ്സുകൾ 160-270



# ബഹുജന പങ്കാളിത്തം

| പ്രവർത്തനങ്ങൾ | പങ്കാളിത്തം | മൂല്യം |
|---|---|---|
| EMC – റിസോഴ്സ് പേഴ്സൺ(RP) പരിശീലനം | 50 | 25000 |
| പഞ്ചായത്ത് തല – RP പരിശീലനം | 100 | 50000 |
| കോർ ഗ്രൂപ്പ് യോഗം പല ഘട്ടങ്ങളിൽ | 215 | 107500 |
| വാർഡ് തല ഊർജ്ജയാന കമ്മിറ്റി രൂപീകരണം (16 വാർഡ്) | 800 | 400000 |
| അയൽസഭാ യോഗം (119 കേന്ദ്രം) | 5020 | 2510000 |
| ഡമ്മി ഫോറം വിതരണം ഗൃഹ സന്ദർശനം ക്ലാസ്സ് | 351 | 175500 |
| സർവ്വേ പരിശീലനം പഞ്ചായത്ത് തലം | 351 | 175500 |
| ജനകീയ സർവ്വേ | 423 | 211500 |
| സർവ്വേ ക്രോഡീകരണം (അയൽ കൂട്ടം+ വാർഡ്+ പഞ്ചായത്ത്) | 384 | 192000 |
| ഊർജ്ജ സദസ്സ് 16 വാർഡുകൾ (രണ്ട് ഘട്ടം) | 2485 | 1242500 |
| LED പ്രചരണ പരിപാടി | 702 | 351000 |
| ജലസുരക്ഷാ ക്ലാസ്സ് | 121 | 60500 |
| മീറ്റർ റീഡിംഗ് പരിശീലനം | 234 | 117000 |
| **ആകെ** | **11236** | **5618000** |


സർവ്വെ ഫലങ്ങൾ കോർ കമ്മിറ്റിയിലും വാർഡ് ഊർജ്ജയാനം സമിതികളിലും സജീവമായി ചർച്ചചെയ്യപ്പെട്ടു. ഊർജ്ജ ഗ്രാമസഭയിൽ വൈദ്യുതിയുടെ പാഴ്ചെലവിന്റെ കാണാപ്പുറം ചർച്ചയായി.ദൈനംദിന ജീവിതത്തിൽ ശ്രദ്ധിക്കേണ്ട ഊർജ്ജ മര്യാദകളും ശീലങ്ങളും വ്യക്തിക്കും കുടുംബത്തിനും മാത്രമല്ല സമൂഹത്തെയാകെ മാറ്റിമറിക്കുമെന്നുള്ള ബോധമല്ലത്തിന്റെ തെളിച്ചം തന്നെയാണ് ഊർജ്ജയാനം സമ്മാനിച്ചത്. വീടുകളിൽ ഉപയോഗിക്കുന്ന സീറോ വാട്ട് ബൾബ് യഥാർത്ഥത്തിൽ സീറോ അല്ല എന്നും 10 വാട്ട് വരെ വൈദ്യുതി അതിന് ആവശ്യമാണെന്നും ജനം തിരിച്ചറിഞ്ഞു. 0.1 വാട്ടിന്റെ എൽ.ഇ.ഡി ബൾബ് ഒരു 10 W ന്റെ സ്ഥാനത്ത് 100 എണ്ണം കത്തിക്കാമെന്നതും പുത്തൻ അറിവായി. സാധാരണ ഫിലമെന്റ് ബൾബ് അത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ 2% മാത്രമേ പ്രകാശമായി മാറ്റുന്നുള്ളൂ. ബാക്കി മുഴുവൻ ചൂടാക്കി മാറ്റുകയാണ്. എന്നാൽ എൽ.ഇ.ഡി ബൾബുകളാകട്ടെ 80% വും പ്രകാശമാക്കി മാറ്റുന്നു. ഈ തിരിച്ചറിവാണ് ഫിലമെന്റ് ബൾബിനു പകരം എൽ.ഇ.ഡി ബൾബ് എന്ന ആശയം ചിറക് വെപ്പിച്ചത്. ഗൃഹ സന്ദർശനത്തിലൂടെ ഫിലമെന്റ് ബൾബുകൾ ഓരോന്നായി മാറ്റപ്പെട്ടു. പഞ്ചായത്ത് ഓഫീസ് കേന്ദ്രത്തിലും അയൽസഭാ കേന്ദ്രങ്ങളിലും അവ സംഭരിക്കപ്പെട്ടു. ഇങ്ങനെ എൽ.ഇ.ഡി വിളക്കുകൾ പകരമായി സ്ഥാപിച്ചതിലൂടെയുള്ള ഊർജ്ജ ലാഭമാണ് പട്ടികയിൽ കൊടുത്തിട്ടുള്ളത്.



## 2016 മാർച്ച് – 2017 മാർച്ച് വൈദ്യുതി ഉപയോഗം താരതമ്യം

| മാറ്റിയ ബൾബിന്റെ വിശദാംശം | പകരം വെച്ച ബൾബിന്റെ വിശദാംശം | വാട്ടിലുള്ള വ്യത്യാസം (വാട്ട്) | ബൾബുകളുടെ എണ്ണം (സർവ്വേ പ്രകാരം) | ദിനം പ്രതി ഒരു ബൾബിന്റെ ശരാശരി ഉപയോഗം (മണിക്കൂർ) | പ്രസ്തുത കാലയളവിൽ ലാഭിച്ച വൈദ്യുതി (യൂണിറ്റ്) | ലാഭിച്ച വൈദ്യുതിയുടെ വില (@ Rs 4) (പ്രതിമാസം) |
|---|---|---|---|---|---|---|
| സീറോ ഫിലമെന്റ് ബൾബ് | .5W LED | 14.5 | 3014 | 18 | 23600 | 94400 |
| 40 W '' | 9W LED | 31 | 1686 | 4 | 6272 | 25088 |
| 60 W '' | 9W LED | 51 | 3482 | 4 | 21310 | 85240 |
| 100 W '' | 9W LED | 91 | 1247 | 4 | 13617 | 54468 |
| 40 W ട്യൂബ് | 24 W LED Tube | 16 | 498 | 4 | 956 | 3824 |
| Total | | | 9927 | | 65755 | 263020 |
| • വൈദ്യുതിയുടെ ദുരുപയോഗം കുറക്കൽ<br>• ഊർജ്ജ ക്ഷമത കുറവായ വൈദ്യുതോപകരണങ്ങൾക്ക് പകരം ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിച്ചത് വഴി | | | | | 10424 | 41696 |
| **ആകെ** | | | | | **76179** | **304716** |

പിലിക്കോട് ഗ്രാമ പഞ്ചായത്തിലെ ജനതയുടെ വൈദ്യുതി ഉപയോഗം 2016 മാർച്ചിൽ നിന്ന് 2017 മാർച്ചിലേക്കെത്തുമ്പോൾ 101694 യൂണിറ്റ് കുറക്കാൻ കഴിഞ്ഞു എന്ന് കെ.എസ്.ഇ.ബി പിലിക്കോട് സെക്ഷനിൽ നിന്നും ലഭിച്ച കണക്ക് സൂചിപ്പിക്കുന്നു.



Sheet1

| Current -Consumption Details ES PILICODE | | |
|---|---|---|
| Year | Month | Total Unit in watts |
| 2016 | January | 1545898 |
| | February | 1627268 |
| | March | 1620086 |
| | Total | 4793252 |
| 2017 | January | 1624322 |
| | February | 1659994 |
| | March | 1518392 |
| | Total | 4802708 |

Assistant Engineer
Electrical Section
K.S.E.B. Limited, Pilicode
Kasaragod Dist.

ഊർജ്ജയാനം രണ്ടാം ഘട്ട പരിപാടിയുടെ ഉൽഘാടനം ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി ശ്രീ.എം.എം.മണി വേങ്ങാപ്പാറയിൽ വെച്ച് നടത്തി. ഇതിന്റെ ലക്ഷ്യങ്ങൾ:



1. മുഴുവൻ വീടുകളിലേയും ഫിലമെന്റ് ബൾബുകൾ മാറ്റുകയും പകരം സബ്സിഡി നിരക്കിൽ ഇ എം സി നല്കുന്ന എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുകയും ചെയ്യുക വഴി ഫിലമെന്റ് രഹിത ബൾബ് പഞ്ചായത്താക്കി മാറ്റുകയും അതു വഴി വൻതോതിൽ വൈദ്യുതി ദുരുപയോഗം കുറക്കുകയും ചെയ്യുക.

2. ഇ എം സി യുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാ സർക്കാർ ആഫീസുകളും ഊർജ്ജക്ഷമതാ ആഫീസുകളാക്കി മാറ്റുന്നതിൻറെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളിൽ എൽ ഇ ഡി ബൾബുകളും ഫൈവ് സ്റ്റാർ ഫാൻ ഉൾപ്പെടെയുള്ള ഉപകരണങ്ങളും ലഭ്യമാക്കുക.

3. തെളിച്ചം, സുരക്ഷ,ഹരിതം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ഇ എം സി നല്കുന്ന 200 തെരുവു വിളക്കുകളുടെ വിതരണോദ്ഘാടനം.



ഊർജ്ജയാനം രണ്ടാം ഘട്ടം ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ എം.എം മണി ഉദ്ഘാടനം ചെയ്യുന്നു.

ഊർജ്ജയാനം പരിപാടിയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഇ.എം.സി യുടെ 2016 -17 ലെ ഊർജ്ജ സംരക്ഷണ അവാർഡിന് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കപ്പെട്ടു. ഇൻസ്റ്റിറ്റ്യൂഷൻ /സംഘടനകൾ വിഭാഗത്തിലെ ഈ ഊർജ്ജ സംരക്ഷണ അവാർഡ് പ്രവർത്തനങ്ങളുടെ അംഗീകാരമായി മാറി. പ്രസ്തുത അവാർഡ് പിലിക്കോട് ഗ്രാമ പഞ്ചായത്തിലെ വിവിധ തുറകളിലുള്ള ജനങ്ങൾക്കുള്ള അവാർഡായി കണ്ട്കൊണ്ട് 2018 ജനുവരി 6 ന് അവാർഡിന്റെ ജനകീയ സമർപ്പണം കാലിക്കടവിൽ നടന്നു.






കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2017 വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ എം.എം മണി അവർകളിൽ നിന്നും ഏറ്റുവാങ്ങുന്നു.



പഞ്ചായത്തിന് ലഭിച്ച ഊർജ്ജ സംരക്ഷണ അവാർഡ് 2017 ഖാദി ബോർഡ് വൈസ് ചെയർമാൻ ശ്രീ എം.വി ബാലകൃഷ്ണൻ മാസ്റ്റർ ജനകീയ സമർപ്പണം നടത്തുന്നു.

ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്താക്കി മാറ്റാനുള്ള ദ്രുതഗതിയിലുള്ള കർമ്മപരിപാടിക്കാണ് പിന്നീട് ഊർജ്ജയാനം സമിതിയുടെ ശ്രദ്ധ പതിഞ്ഞത്. വീട് കയറിയുള്ള സ്ക്വാഡ് പ്രവർത്തനം,ഫിലമെന്റ് ബൾബുകളുള്ള വീട് കണ്ടെത്തൽ ,ഫിലമെന്റ് ബൾബ് സ്വമേധയാ മാറ്റിവെക്കാനുള്ള ബോധവത്കരണം. ബോധവത്കരണ പ്രവർത്തനത്തിന്റെ ഫലമായി ഫിലമെന്റ് ബൾബ് മാറ്റിവെച്ചോ എന്ന പരിശോധന അയൽക്കൂട്ടതലത്തിൽ ഫിലമെന്റ് ബൾബ് രഹിത അയൽക്കൂട്ടം എന്ന ആശയം ഉറപ്പുവരുത്തൽ, ഫിലമെന്റ് ബൾബ് രഹിത വാർഡ് എന്ന രീതിയിൽ വാർഡ് തലത്തിൽ പ്രഖ്യാപനം,ആവശ്യമായ ഇടങ്ങളിൽ എൽ.ഇ.ഡി ബൾബ് നൽകാൻ തയ്യാറുള്ള സ്പോൺസർമാരെ കണ്ടെത്തൽ എന്നിങ്ങനെ അടുക്കും ചിട്ടയുമുള്ള



പ്രവർത്തനങ്ങളിലൂടെയാണ് ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത് എന്ന ആശയം പ്രാവർത്തികമാക്കാൻ സാധിച്ചത്. ഇ.എം.സിയിൽ നിന്ന് 16500 എൽ.ഇ.ഡി ബൾബുകൾ ഈ ആവശ്യത്തിലേക്കായി ലഭിക്കുകയുണ്ടായി. കെ.എസ്.ഇ.ബി വഴി 8900 എൽ.ഇ.ഡി ബൾബുകൾ ലഭിച്ചു. സ്പോൺസർമാരിലൂടേയും സ്വന്തം നിലക്ക് കുടുംബാംഗങ്ങളും 14500 ലധികം എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചു. 40000 എൽ.ഇ.ഡി ബൾബുകളാണ് ദക്ഷത കുറഞ്ഞ കുറഞ്ഞ ബൾബുകളുടെ സ്ഥാനത്തേക്ക് കടന്നുവന്നത്.

2018 ഏപ്രിൽ 12 ന് മുഖ്യമന്ത്രി പിണറായി വിജയൻ പിലിക്കോട് പഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു. പിലിക്കോട് പഞ്ചായത്തിലെ കാലിക്കടവിൽ നടന്ന വർണ്ണ ശബളമായ പ്രഖ്യാപന ചടങ്ങിൽ പ്രകാശനം ചെയ്യപ്പെട്ട "കൈവിളക്ക് " എന്ന ഊർജ്ജയാനം പത്രം ഈ രംഗത്ത് പിലിക്കോട് നടത്തിയ പ്രവർത്തനങ്ങളും നടത്താനിരിക്കുന്ന പ്രവർത്തനങ്ങളുടെ ദിശാ സൂചകമായും മാറി. പരിപാടിയുടെ ഭാഗമായി നടന്ന സെമിനാറിലെ വിവിധ വിഷയങ്ങൾ കാര്യമാത്ര പ്രസക്തമായിരുന്നു.




പിലിക്കോടിനെ ഇന്ത്യയിലെ ആദ്യ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്തായി ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പ്രഖ്യാപിക്കുന്നു.



ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത് പ്രഖ്യാപനത്തോടനുബന്ധിച്ച് പിലിക്കോട് പഞ്ചായത്ത് പുറത്തിറക്കിയ "കൈവിളക്ക്" പ്രഖ്യാപന പത്രിക പ്രകാശനം ചെയ്യുന്നു.



പഞ്ചായത്തിലെ എല്ലാ ഓഫീസുകളും സ്ഥാപനങ്ങളും ഹരിത കാര്യാലയങ്ങളായി (ഗ്രീൻ ഓഫീസ്) ആയി തുടർ പ്രവർത്തനങ്ങളിലൂടെ മാറ്റപ്പെടുകയാണ്. ഈ പ്രവർത്തനത്തിന്റെ ഉൽഘാടനം നടത്തിയത് ബഹു.റവന്യൂ വകുപ്പ് മന്ത്രി ശ്രീ.ഇ.ചന്ദ്രശേഖരനാണ്. എല്ലാ ഓഫീസുകളിലേക്കും എൽ.ഇ.ഡി വിളക്കുകളും ദക്ഷത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾക്ക് പകരം ദക്ഷത കൂടിയ ഉപകരണങ്ങളുടെ വിതരണവും ചെയ്യുകയുണ്ടായി. എല്ലാ സ്ഥാപനങ്ങളിലേയും ഫാനുകളുടെ കണക്കെടുത്ത് അവയ്ക്ക് പകരം ഫൈവ് സ്റ്റാർ റേറ്റഡ് എഫിഷൻസി ഫാനുകൾ സൗജന്യമായി വിതരണം ചെയ്യുകയും പഴയ ഫാനുകൾ തിരിച്ച് വാങ്ങുകയും ചെയ്തു. ഇ.എം.സി ഇതിനായുള്ള ഫാനുകളും എൽ.ഇ.ഡി വിളക്കുകളും സൗജന്യമായി ലഭ്യമാക്കി.



പിലിക്കോട് ഗ്രാമപഞ്ചായത്തിലെ മുഴുവൻ സർക്കാർ ഓഫീസുകളും, വിദ്യാലയങ്ങളും ഊർജ്ജക്ഷമതാ ഓഫീസുകളാക്കുന്നതിന് ഗ്രീൻ ഓഫീസ് പദ്ധതി ബഹു റവന്യൂ മന്ത്രി ശ്രീ ഇ ചന്ദ്രശേഖരൻ നിർവ്വഹിക്കുന്നു.

## ഊർജ്ജയാനം നാൾവഴികൾ

**2016 നവംബർ** : പഞ്ചായത്ത്തല കൂടിയാലോചനാ യോഗം.

**2016 നവംബർ 29** : ഇ.എം.സി. യുമായി ആശയവിനിമയം.

**2016 ഡിസംബർ 19,20** : 50 പേർക്ക് തിരുവനന്തപുരം ഇ.എം.സി. യിൽ പരിശീലനം.

**2016 ഡിസംബർ 26** : ഊർജ്ജയാനം കോർ/ അക്കാദമിക്ക് കമ്മിറ്റി രൂപീകരണം.

**2016 ഡിസംബർ 28** : പദ്ധതിക്ക് "ഊർജ്ജയാനം" പേര് നൽകുന്നു.

**2016 ഡിസംബർ 31** : പഞ്ചായത്ത് തല റിസോഴ്സ്പേഴ്സൺ-100 പേർക്ക് പരിശീലനം.

**2016 ഡിസംബർ 31** : 3150 പേർക്ക് മീറ്റർ റീഡിംഗ് പരിശീലനം.

**2017 ജനുവരി 3-7** : വാർഡ് തല ഊർജ്ജസമിതി രൂപീകരണം.

**2017 ജനുവരി 5-17** : ബഹുജന പങ്കാളിത്തത്തോടെയുള്ള അയൽസഭാ ഊർജ്ജ ക്ലാസ്സുകൾ ഇലക്ട്രിസിറ്റി എഞ്ചിനീയർ മുതൽ ഓട്ടോ ഡ്രൈവർമാർ വരെ അധ്യാപകരായി മാറുന്നു.117 അയൽ സഭകളിലായി 7600 പേർ പങ്കെടുത്ത ഒന്നാം ഘട്ട ക്ലാസ്സുകൾ.

**2017 ജനുവരി 10** : വാട്സ് ആപ് കൂട്ടായ്മ സന്ദേശങ്ങളും അതിൻറെ നുറുങ്ങുകളും



പ്രചരിപ്പിക്കുന്നു.

**2017 ജനുവരി 13** : ജനകീയ സർവ്വെ പരിശീലനം - 400 പേർക്ക്.

**2017 ജനുവരി 13** : ഊർജ്ജയാനം ലോഗോ പ്രകാശനം.

**2017 ജനുവരി 23,24** : ഗൃഹസന്ദർശനം- ഡമ്മിഫോറം വീടുകളിൽ വിതരണം, ബോധവൽക്കരണം.

**2017 ജനുവരി 25** : സർവ്വേ ഒരുക്കം - അന്തിമാവലോകനം- പഞ്ചായത്ത് തലം/വാർഡ് തലം.

**2017 ജനുവരി 26** :വീടുകളിലും സ്ഥാപനങ്ങളിലും - ജനകീയ സർവ്വെ.(5000 ൽ പരം പ്രവർത്തകർ)

**2017 ജനുവരി 26** : ജനകീയ സർവ്വെ.-വിവിധ വാർഡുകളിലെ ഉദ്ഘാടനം കേന്ദ്രങ്ങൾ-പ്രമുഖ വ്യക്തിത്വങ്ങൾ.

**2017 ജനുവരി 27** : സർവ്വേ ക്രോഡീകരണം-അയൽസഭാതലം

**2017 ജനുവരി 28,29** : പഞ്ചായത്തുതല സർവ്വേ ക്രോഡീകരണം

**2017 ജനുവരി 28,29,30** : ഫിലമെൻറ് ബൾബ് ഒഴിവാക്കൽ-ജനകീയ ക്യാംപെയിൻ.

**ഫെബ്രുവരി 18,19** : പഞ്ചായത്തുതല സർവ്വേ ക്രോഡീകരണം. സർവ്വെ വിവരങ്ങൾ ജനകീയ പ്രഖ്യാപനം.

**2017 മാർച്ച് 11** : ജല സുരക്ഷാ ക്ലാസ്സ്.

**2017 മാർച്ച് 16-24** : ഗ്രാമസഭകളിൽ ഊർജ്ജ സദസ്സുകൾ.

**2017 മാർച്ച് 28** : ശേഖരിച്ച ഫിലമെൻറ് ബൾബുകൾ പഞ്ചായത്തിന് കൈമാറൽ.

**2017 ഡിസംബർ 03** : രണ്ടാം ഘട്ട ഉദ്ഘാടനം –വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ എം.എം മണി

**2017 ഡിസംബർ 15** : സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ഏറ്റുവാങ്ങൽ

**2018 ജനുവരി 6** : അവാർഡ് ജനകീയ സമർപ്പണം - ശ്രീ എം.വി ബാലകൃഷ്ണൻ മാസ്റ്റർ

**2018 ജനുവരി, ഫെബ്രുവരി** : LED ബൾബുകൾ വിതരണം ഗൃഹ സന്ദർശനം

**2018 ഏപ്രിൽ 12** : ഇന്ത്യയിലെ ആദ്യ ഫിലമെൻറ് ബൾബ് രഹിത പഞ്ചായത്ത് പ്രഖ്യാപനം. (ബഹു.കേരള മുഖ്യമന്ത്രി പിണറായി വിജയൻ)

**2018 മെയ് 24** : ഗ്രീൻ ഓഫീസ് പദ്ധതി ഉദ്ഘാടനം. (ബഹു.റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ) സോളാർ വില്ലേജ്

വീടുകളിൽ പഴയ ഫാനുകൾക്കു പകരം 5 സ്റ്റാർ റേറ്റഡ് സീലിങ്ങ് ഫാനുകൾ മാറ്റിവെക്കാനുള്ള ശ്രമം നടന്നുവരുന്നു. സബ്സിഡി നിരക്കിലാണ് ഈ ഫാനുകൾ വിതരണം ചെയ്യുന്നത്. ആദ്യപടിയായി 1000 ഫാനുകൾ വിതരണത്തിന് സജ്ജമായിട്ടുണ്ട്.
വിദ്യാർത്ഥികളിൽ തന്നെ ഊർജ്ജ സംരക്ഷണ മൂല്യങ്ങൾ വളർത്തിയെടുക്കുക എന്നതാണ് ഊർജ്ജ സാക്ഷരതയുള്ള ഭാവി സമൂഹത്തിനെ വളർത്തി യെടുക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം . ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ജൂൺ 5ന് എല്ലാ വിദ്യാലയങ്ങളിലും ഊർജ്ജ ക്ലബ്ബ് രൂപീകരിച്ച് വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു. മാതൃകാ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന വിദ്യാലയത്തിനും കുട്ടികൾക്കും പ്രോത്സാഹന സമ്മാനം കൊടുക്കുവാനും പരിപാടിയുണ്ട്. വിദ്യാലയങ്ങളിലും കുട്ടികളുടെ വീട്ടിലും ഊർജ്ജ മാനേജർ എന്ന നിലയിൽ കുട്ടികളുടെ ഉത്തരവാദിത്തം അവരെ ബോധ്യപ്പെടുത്തുന്നതും ഗുണകരമാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.



ഒരു Kg കല്ക്കരി കത്തിക്കേണ്ടതായും വരുന്നു. അതുവഴി ഉണ്ടാകുന്ന കാർബൺ ഡൈ ഓക്സൈഡ് ആഗോള താപനത്തിനും പരിസ്ഥിതി നാശത്തിനും വൻതോതിൽ കാരണമാകുന്നുണ്ട്. കേരളത്തിലെ ആയിരത്തോളം വരുന്ന ഗ്രാമ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും,കോർപ്പറേഷനുകളും ഫിലമെന്റ് ബൾബ് രഹിത ബൾബ്,സൗരവൈദ്യുതി എന്നീ ആശയങ്ങൾ പ്രാവർത്തികമാക്കിയാൽ വൻകിട രാജ്യങ്ങൾക്കും ലോക രാജ്യങ്ങൾക്ക് മൊത്തമായും നൽകുന്ന ഒരു മാതൃകാ പാഠമായിരിക്കും അത്. പിലിക്കോട് ആരംഭിച്ച ഈ ശ്രമത്തിന് കേരള ഗ്രാമങ്ങളിലെല്ലാം അനുരണനങ്ങൾ ഉണ്ടായി കാണുന്നതിൽ അഭിമാനമുണ്ട്. ഒപ്പം ആഹ്ലാദവും.

